E 2703 (Pages : 4) Reg. No.....

Name.....

C.B.C.S. B.A./B.Sc. DEGREE EXAMINATION, MARCH/APRIL 2012

Fourth Semester

Additional Language—Malayalam

ഗദ്യം, രചനാപരിചയം

(For Model I B.A./B.Sc. Programmes)

Time : Three Hours Maximum Weight : 25

പാർട്ട് എ

എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

I. ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക :

1 'ദുരവസ്ഥ'യുടെ സഹോദരി എന്ന് ആശാൻ വിശേഷിപ്പിച്ചിട്ടുള്ള കാവ്യം ഏതാണ് ?

2 'Port of Renaissance' എന്നറിയപ്പെട്ട ഇന്ത്യൻ നഗരം ഏതാണ് ?

3 വാഗ്ദേവതയുടെ പുരുഷാവതാരമെന്ന് വള്ളത്തോളിനെ വിശേഷിപ്പിച്ചത് ആരാണ് ?

4 ശബ്ദതാരാവലിയുടെ കർത്താവ് ആരാണ് ?

II. 5 "വി.ടി. ഒരു കലാപമായിരുന്നു. വി.ടി. എനിക്കും ഗുരു തുല്യനാണ്". ഇങ്ങനെ പറഞ്ഞതാരാണ് ?

6 എന്താണ് നാനോ ടെക്നോളജി ?

7 മൈനയുടെ കൊഞ്ചൽ/നിഗൂഢ ഭാഷയിലൂടെ ഉരുത്തിരിയുന്നത് എന്താണ് ?

8 കേരളീയമായ ഫോക്ലോർ രൂപങ്ങളെ അടുത്തറിയാനുള്ള ഉപാധി എന്താണ് ?

III. 9 പിരിച്ചെഴുതുക :

കരയുള്ള

10 സന്ധി ചെയ്തെഴുതുക :

വിൺ + തലം

11 ഒരു കൃതി വായിക്കുമ്പോൾ വായനക്കാരന്റെ മനസ്സിൽ ജനിക്കുന്ന ആശയ മണ്ഡലത്തിന് എന്തു പറയും ?

12 'ബഹുസ്വരത' (Polyphony) എന്ന ആശയം അവതരിപ്പിച്ച ചിന്തകൻ ആരാണ് ?

IV. 13 Hard News എന്നാൽ എന്താണ് ?

14 തെറ്റുണ്ടെങ്കിൽ തിരുത്തുക :

ദൈന്യത, ദൈവീകം, അധ:പ്പതനം, നിഘണ്ടു

15 അർത്ഥവ്യത്യാസം കുറിക്കുക :

പ്രേഷിതൻ, പ്രേക്ഷകൻ.

16 'ചാത്തം' എന്ന വാക്ക് ഏത് സംസ്കൃതപദത്തിന്റെ തൽഭവമാണ് ?

(4 × 1 = 4)

Turn over

പാർട്ട് ബി

അര പുറത്തിൽ (50 വാക്ക്) കവിയാതെ ചോദ്യം 21, 22 ഉൾപ്പടെ ഏതെങ്കിലും **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

17 ആഗോളതാപനം ആവാസവ്യവസ്ഥകളെ എങ്ങനെ ബാധിക്കും ?

18 ചരിത്രരചനയ്ക്ക് ഏറെ സഹായകമായ കൃതിയാണ് പതിറ്റുപ്പത്ത് എന്നു പറയുന്നത്. എന്തുകൊണ്ടാണ് ?

19 പത്രത്തിന്റെ ഏഡിറ്റിംഗ് ഡെസ്കിനെ ശസ്ത്രക്രിയാമേശയോട് ഉപമിക്കാമെന്ന് പറയുന്നത് എന്തുകൊണ്ടാണ് ?

20 ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ ഫോക്‌ലോറിൽ നേടുന്നതിന്റെ കാരണമെന്ത് ?

21 മുഖലവാർത്ത എന്നാൽ എന്ത് ? വിശദമാക്കുക.

22 തെറ്റുകൾ ഒഴിവാക്കി ചിഹ്നങ്ങൾ ചേർത്ത് വാക്യഘടന പരിഷ്കരിക്കുക.

കേരളത്തിൽ ഇന്ന് മലയാളഭാഷ നേരിടുന്ന വെല്ലുവിളി എന്താണ് മലയാളികൾ സ്വന്തം കുട്ടികളെ മലയാളം പഠിപ്പിക്കാൻ ശ്രമിക്കുന്നില്ലാത്തതാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നല്ല ഇംഗ്ലീഷ് പഠിപ്പിക്കുന്നില്ലാത്തതാണ് ഒരു കാരണം മലയാളം പഠിപ്പിക്കാത്തുമാണ്. അവർ അതുകൊണ്ട് മലയാളം അറിയുന്നില്ല എന്നു പറയുന്നത് കാരണം മേന്മയായി കാണുന്നു.

23 'അടിപൊളി' എന്ന വാക്ക് എന്തെല്ലാം അർത്ഥത്തിലാണ് ഇന്ന് സാമാന്യ സംസാരഭാഷയിൽ ഉപയോഗിക്കുന്നത് ?

24 ടെലവിഷനിലെ വിനോദപരിപാടികളിൽ മലയാളഭാഷ ഏതു രീതിയിലാണ് കൈകാര്യം ചെയ്യപ്പെടുന്നത് ?

$(5 \times 1 = 5)$

പാർട്ട് സി

ഒരു പുറത്തിൽ (100 വാക്ക്) കുറയാതെ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

25 താഴെ കൊടുത്തിരിക്കുന്ന ഇംഗ്ലീഷ് വാർത്ത മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക. തുടർന്ന് മലയാളം വാർത്തയും പരിഭാഷയും താരതമ്യം ചെയ്യുക.

Dharmasala/Beijing : The Dalai Lama announced on Thursday that he would step down as "Political head" of the so-called Tibetan Government-in-exile but would remain as religious leader and continue to advocate "meaningful autonomy" for Tibet.

The Dalai Lama, 75, a Nobel Laureate, said he would hand over his "formal authority" to a "freely-elected" leader. He said he was committed to playing his part for the "just cause" of Tibet.

Making the announcement in his speech at the main temple in his resort on the 52nd anniversary of the "Tibetan uprising day", he said he would formally propose on Monday amendments to the "charter for Tibetans-in-exile" reflecting his decision to devolve his "formal authority" to an elected leader.

"As early as the 1960s, I have repeatedly stressed that Tibetans need a leader, elected freely by the Tibetan people, to whom I can devolve power. Now, we have clearly reached the time to put this into effect," said the Dalai Lama, who fled to India in 1959 after a failed uprising against Chinese rule.

The new "Parliament" will be elected when Tibetans across the world vote on March 20. By devolving his powers, the Dalai Lama hopes to give the "Prime Minister" a greater clout.

മലയാളം വാർത്ത :

ധർമ്മശാല/ബെയ്ജിംങ് : പ്രവാസത്തിലുള്ള ടിബറ്റൻ സർക്കാരിന്റെ രാഷ്ട്രിയ മേധാവി എന്ന സ്ഥാനം ഒഴിയുകയാണെന്നു ദലൈലാമ അറിയിച്ചു. തന്റെ ഔപചാരികമായ ഈ അധികാരം സ്വതന്ത്രമായി തിരഞ്ഞെടുക്കപ്പെടുന്ന ഒരു നേതാവിനു കൈമാറുമെന്നും എന്നാൽ താത്തിയ നേതാവായി ടിബറ്റിന്റെ 'അർത്ഥപൂർണമായ സ്വയം ഭരണത്തിനായി' തുടർന്നും ശബ്ദം ഉയർത്തുമെന്നും അദ്ദേഹം അറിയിച്ചു. ടിബറ്റിന്റെ പുനരുദ്ധാരണത്തിന്റെ 52-മാമതു വാർഷിക ദിനാചരണത്തിന്റെ ഭാഗമായി ധർമ്മശാലയിൽ നടന്ന ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഔപചാരികമായ അധികാരം തിരഞ്ഞെടുത്ത നേതാവിനു കൈമാറാൻ പ്രവാസ ടിബറ്റൻ സർക്കാർ ചട്ടങ്ങളിൽ പരിഷ്കാരം വരുത്തണമെന്നു പ്രവാസത്തിലുള്ള ടിബറ്റൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ടിബറ്റിന്റെ അധികാരത്തിനു വേണ്ടിയുള്ള പോരാട്ടം തുടരുമെന്ന് ദലൈ ലാമ വ്യക്തമാക്കി. സ്വാതന്ത്ര്യമല്ല ടിബറ്റ് ചോദിക്കുന്നത്. മറിച്ച് സ്വയംഭരണത്തിനുള്ള അധികാരമാണ്. ദലൈ ലാമ തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.

26 അഭിജ്ഞാനശാകുന്തളത്തിലെ ശകുന്തളയെക്കാൾ ധീരതയുള്ളവളാണ് മഹാഭാരതത്തിലെ ശകുന്തള എന്ന അഭിപ്രായം വിശകലനം ചെയ്യുക.

27 കേരള നവോത്ഥാനത്തിന്റെ ഏറ്റവും വലിയ സാഹിത്യഫലം കുമാരനാശാനാണ് എന്ന് പറയുന്നത് എന്തുകൊണ്ടാണ് ?

28 സ്മാർട്ട് ബോംബുകൾ എന്നാൽ എന്താണ് ? എപ്രകാരമാണ് അവ പ്രവർത്തിക്കുന്നത് ?

29 പാഠവിശകലനം നടത്തുക :

ആളൊഴിഞ്ഞ സ്റ്റാഫ് റൂമിൽ ഏകയായിരുന്ന് എന്താ ചിന്തിക്കുകയായിരുന്നു അവൾ. അപ്പോഴാണ് ഭർത്താവ് മരിച്ച സഹപ്രവർത്തക റൂമിലേക്കു കടന്നു വന്നത്. അവർ അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാനായി വന്നതാണ്. ഭർത്താവിന്റെ മൃതദേഹത്തിൽ വീണ് അലറിക്കരഞ്ഞു കണ്ട സ്നേഹിത പെട്ടെന്നു മുന്നിൽ പ്രത്യക്ഷപ്പെട്ടപ്പോൾ എന്തുപറയണമെന്നറിയാതെ അവൾ കുഴങ്ങി. സന്തോഷം ഒട്ടുമില്ലാത്ത മുഖത്തോടെ സ്നേഹിത തന്റെ പഴയ സീറ്റിൽ ചെന്നിരുന്നു.

അവൾ മെല്ലെ എഴുന്നേറ്റ് അവരുടെ അടുത്തേക്കു ചെന്നു. ജോയിൻ ചെയ്യുകയാണ് അല്ലേ ? അവൾ ചോദിച്ചു. സ്നേഹിത തല കുലുക്കുകമാത്രം ചെയ്തു.

പെട്ടെന്ന് സ്നേഹിത മേശമേൽ തലചായ്ച്ച് കരയാൻ തുടങ്ങി.

സ്വയം അറിയാതെ അവൾ സ്നേഹിതയുടെ തലയിൽ തലോടി. സ്വയം അറിയാതെ അവളിൽ നിന്ന് വാക്കുകൾ പുറത്തു വന്നു.

സാരമില്ല. എല്ലാം നല്ലതിനെന്നു വിചാരിച്ചോളൂ. പൊടുന്നനെ കരച്ചിൽ നിർത്തുകയും സ്നേഹിത തലയുയർത്തി ഒരു തീക്ഷ്ണനോട്ടം അവളിലേക്കെറിയുകയും ചെയ്തു. വേഗം അവരെഴുന്നേറ്റ് ബാഗുമായി മുറിവിട്ടു പോയി.

തന്റെ വാക്കുകളുടെ വഹിച്ചുടിൽ അവൾ സ്വയം ഉരുകി.

പക്ഷേ, അവയുടെ ശക്തി അവൾക്കു മനസ്സിലായത് രണ്ടു വർഷങ്ങൾക്കു ശേഷം സ്നേഹിത അവരുടെ പൂർവ്വകാമുകനെ വിവാഹം ചെയ്തപ്പോഴാണ്.

(ചന്ദ്രമതിയുടെ 'വാക്കുകളുടെ കളി' എന്ന കഥയിൽ നിന്ന്)

30 താഴെ കൊടുക്കുന്ന കവിത വായിച്ച് പഠനസാധ്യതകൾ വിശകലനം ചെയ്യുക :

കറുത്തവാവിന്റെ പക്ഷി പാടുമ്പോൾ
നിശ്ശബ്ദതയുടെ ശിരസ്സു കീറുന്നു.
ഒരു പുലർച്ചയുടെ ഓർമ്മയ്ക്കു വേണ്ടി
ഒരു പിച്ചിമൊട്ടിന്റെ ഉള്ളു തുടിക്കുന്നു.
ഒരു പകൽ മഴയുടെ കുളിരിനുവേണ്ടി
കരിം പുതപ്പിനെ കാടു പുതയ്ക്കുന്നു.
ഇരുട്ടിൽ മറഞ്ഞിരുന്ന ഒരു ദുരൻ
വിളിച്ചു പറയുന്നെൻ
തെറ്റുകുറ്റങ്ങൾ.
മഴവില്ലിന്റെ ചുവപ്പുനിറത്തിനെ
മകനു നല്ലാമെന്നു
പൊയ് വാക്കു ചൊല്ലുമ്പോൾ
ഉറക്കു പാട്ടിന്റെ ഊരാക്കുടുക്കിലെൻ
കറുത്ത പുത്രനും കണ്ണടയ്ക്കുന്നു.
(എ. അയ്യപ്പന്റെ 'രാത്രികൾ' എന്ന കവിതയിൽ നിന്നും).

(4 × 2 = 8)

പാർട്ട് ഡി

നാലു പുറത്തിൽ (400 വാക്ക്) കുറയാതെ ഉത്തരമെഴുതുക.

31 കേരളീയ നവോത്ഥാനം ഏകമുഖമായ ഒരു കുറ്റമല്ല എന്ന് എം. എൻ. വിജയൻ പറയുന്നതെന്തുകൊണ്ടാണ് ?

അല്ലെങ്കിൽ

അനുഷ്ഠാനപരമായ കേരളീയ കലാരൂപങ്ങളുടെ സവിശേഷതകൾ എന്തൊക്കെയാണ് ?

32 ജലവിഭവ സംരക്ഷണത്തിന്റെ പ്രാധാന്യം എന്ത് ?

അല്ലെങ്കിൽ

'മാധ്യമങ്ങളിലെ സ്ത്രീ'—ചർച്ച ചെയ്യുക.

(2 × 4 = 8)